# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4269 16/12/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ശിശുമരണങ്ങളെ തുടർന്ന് കഴിഞ്ഞ വർഷം ഇവിടേയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രത്യേക പാക്കേജുകൾ പ്രഖ്യാപി ച്ചിരുന്നോ; എങ്കിൽ എന്നാണ് പ്രഖ്യാപിച്ചത് ; | (എ) | അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ടുകളെ തുടർന്ന് 25.04.2013 ൽ പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. |
| (ബി) | പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെ യായിരുന്നു. ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (ബി) | പ്രധാനമായും പരമ്പരാഗത കൃഷി പരിപോഷിപ്പിക്കൽ, സ്ത്രീ ശാക്തീകരണം, പോഷകാഹാര വിതരണം, പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, സമഗ്ര ആരോഗ്യ പദ്ധതികൾ എന്നിവ നടപ്പാക്കാൻ തീരുമാനിച്ചു. പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച തുകയും നാളിതുവരെ ചെലവഴിച്ച തുകയും ചുവടെ സമർപ്പിക്കുന്നു. |

| ക്രമ നം | പദ്ധതി | നീക്കി വെച്ച തുക | നാളിതു വരെ ചെലവ് രൂപ | കുറിപ്പ് |
|---|---|---|---|---|
| 1 | പാരമ്പര്യ കൃഷി അഭിവൃദ്ധിപ്പെടുത്തൽ | 3.08 കോടി രൂപ | 95,75,723 | നാളിതു വരെ 1.80 കോടി രൂപ അനുവദി ച്ചിട്ടുണ്ട്. |
| 2 | കമ്മ്യൂണിറ്റി കിച്ചൻ | 2.24 കോടി | 1.93 കോടി | |
| 3 | കുടുംബ ശ്രീ മുഖേന നടപ്പിലാക്കുന്ന പ്രത്യേക കേന്ദ്ര പദ്ധതി | 97 കോടി (7 വർഷ പദ്ധതി) | 79,32,990 | ഇതിനോ ടകം 4.81 കോടി രൂപ അനുവദി ച്ചിട്ടുണ്ട്. |
| 4 | പശ്ചാത്തല സൗകര്യ വികസനം (16 റോഡുകൾ ആകെ 70.670 കി.മീറ്റർ | 76.14 കോടി | ഇല്ല | പ്രവൃത്തി ആരംഭ ഘട്ടത്തി ലാണ്. |
| 5 | സമഗ്ര ആരോഗ്യ പദ്ധതി (NRHM മുഖേന നടപ്പിലാക്കുന്നത്) | 4.33 കോടി | 2.17 കോടി | |

| | | | |
|---|---|---|---|
| (സി) | പദ്ധതികൾ പ്രഖ്യാപിച്ച ശേഷം ഇതുവരെ എല്ലാ വകുപ്പുകളും/ഏജൻസികളും പങ്കെടുത്ത എത്ര അവലോകന യോഗങ്ങൾ ചേർന്നു; ഈ അവലോകന യോഗങ്ങളിൽ എത്ര ഉദ്യോഗസ്ഥരാണ് പങ്കെടുക്കേണ്ടത്; എത്ര പേർ ഓരോ യോഗത്തിലും പങ്കെടുത്തു; ആരാണ് ഈ യോഗങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത് ; | (സി) | പദ്ധതികൾ പ്രഖ്യാപിച്ച ശേഷം 10 അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. 12 വകുപ്പുകൾ/ ഏജൻസികളുടെ പ്രതിനിധികളാണ് പങ്കെടുക്കേണ്ടത്. എല്ലാ യോഗങ്ങളിലും ഒട്ടുമിക്ക വകുപ്പുകളുടേയും/ഏജൻസികളുടേയും പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. അട്ടപ്പാടി പ്രത്യേക പാക്കേജിന്റെ സ്പെഷ്യൽ ഓഫീസർ ശ്രീ. എസ്. സുബ്ബയ്യ, ഐ.എ.എസ്. (റിട്ട.) ആണ് മേൽ നോട്ടം വഹിച്ചിരുന്നത്. |
| (ഡി) | അവലോകന യോഗങ്ങളിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിക്കുന്നതായി കണ്ടെത്തിയിരുന്നോ; എങ്കിൽ എന്തെല്ലാം വീഴ്ചകളാണ് കണ്ടെത്തിയത്; | (ഡി) | യഥാസമയം ഫണ്ട് അനുവദിച്ചു കിട്ടാത്ത ചില സന്ദർഭങ്ങളിൽ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം നേരിയ തോതിൽ തടസ്സപ്പെട്ടിരുന്നു. കാർഷിക പദ്ധതിയുടെ നടത്തിപ്പിൽ നേരിട്ട ചില തടസ്സങ്ങൾ ഒഴിവായി വരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമായതോടെ ആശുപത്രിയുടെ പ്രവർത്തനം സുഗമമായിട്ടുണ്ട്. |
| (ഇ) | അവലോകന യോഗങ്ങളിൽ ഫണ്ട് ലഭിക്കാത്തതും ട്രഷറി നിയന്ത്രണവും ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് പിന്നീട് സ്വീകരിച്ചത്; | (ഇ) | ശ്രദ്ധയിൽപ്പെട്ടിരുന്നു. വിവിധ വകുപ്പു മന്ത്രിമാർ പങ്കെടുത്ത യോഗത്തിൽ ടി വിഷയങ്ങൾ ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിരുന്നു. അട്ടപ്പാടി പാക്കേജുമായി ബന്ധപ്പെട്ട് പ്രത്യേക ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായിട്ടില്ല. |
| (എഫ്) | വിവിധ പാക്കേജുകൾ പ്രഖ്യാപിച്ചതിനു ശേഷം ഇതുവരെ എത്ര ശിശുമരണങ്ങളും ഗർഭസ്ഥ ശിശുമരണങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) | ശിശുമരണങ്ങൾ - 14 |

Haripriya

**സെക്ഷൻ ഓഫീസർ**